**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 637** **28-01-2026 - ൽ മറുപടിയ്ക്ക്**

**ലോജിസ്റ്റിക് പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിച്ചിരിക്കുന്ന അനുകൂല സാഹചര്യം പ്രയോജനപ്പെടുത്തുന്നതിനായി സംസ്ഥാനത്ത് ലോജിസ്റ്റിക് മേഖലയിൽ നിക്ഷേപം നടത്തുന്നതിന് ആഗോള ലോജിസ്റ്റിക് കമ്പനികൾ തയ്യാറായിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിച്ചിരിക്കുന്ന അനുകൂല സാഹചര്യം പ്രയോജനപ്പെടുത്തി സംസ്ഥാനത്തേക്ക് നിക്ഷേപങ്ങൾ കൂടുതലായി ആകർഷിക്കുന്നതിന് കൃത്യമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ഒരു നിക്ഷേപക സൗഹൃദ സംസ്ഥാനമെന്ന നിലയിൽ കേരളത്തിന്റെ സ്ഥാനം ഇത്തരത്തിൽ ലോകത്തിന് മുന്നിൽ ഉയർത്തിക്കാട്ടാൻ സാധിച്ചൊരു വേദിയായിരുന്നു ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025. പ്രസ്തുത സംഗമത്തിൽ 449 സ്ഥാപനങ്ങളിൽ നിന്നായി ഒരു ലക്ഷത്തി എൺപതിനായിരം കോടിയിലേറെ മൂല്യം വരുന്ന നിക്ഷേപ താല്പര്യ പത്രങ്ങളാണ് സംസ്ഥാനത്തിന് ലഭിച്ചത്.<br><br>2023-ലെ വ്യവസായ നയത്തിലൂടെ കേരളത്തിന്റെ മുന്നോട്ടുള്ള വികസനത്തിൽ നിർണായകവും സുസ്ഥിരവുമായതായി തിരഞ്ഞെടുത്ത ലോജിസ്റ്റിക് മേഖലയിൽ നിന്നുമുള്ള അന്താരാഷ്ട്ര, ആഭ്യന്തര നിക്ഷേപ താല്പര്യപത്രങ്ങൾ ഇതിൽ ഉൾപ്പെടുന്നതാണ്. ഏകദേശം 8400 കോടിയോളം മുതൽമുടക്ക് വരുന്ന 21-ഓളം നിക്ഷേപ താല്പര്യപത്രങ്ങളാണ് ലോജിസ്റ്റിക്സ് ആന്റ് വെയർഹൗസിങ് മേഖലയിൽ സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത്. ആയതിൽ അദാനി ഗ്രൂപ്പിന്റെയും, അവിഗ ഗ്രൂപ്പിന്റെയും, NDR ഗ്രൂപ്പിന്റെയും പദ്ധതികൾ നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ലോജിസ്റ്റിക് പാർക്കുകളുടെ വികസനം ലക്ഷ്യമിട്ട് സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | സംസ്ഥാനത്ത് ലോജിസ്റ്റിക് മേഖലയിലെ സാധ്യതയും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം സൃഷ്ടിക്കുന്ന അവസരങ്ങളും കണക്കിലെടുത്ത് പ്രസ്തുത മേഖലയിലേക്ക് കൂടുതൽ സംരംഭകരെ |

| | | | |
|---|---|---|---|
| | | | ആകർഷിക്കുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യാവസായിക വികസനത്തിന് കാര്യക്ഷമമായ ലോജിസ്റ്റിക് പാർക്കുകളുടെ ഒരു ശൃംഖല അത്യാവശ്യമാണെന്ന ബോധ്യത്തോടെ ലോജിസ്റ്റിക് മേഖലയെ ഒരു മുൻഗണനാ മേഖലയായി 2023-ലെ സംസ്ഥാന വ്യവസായ നയത്തിലൂടെ തന്നെ പ്രഖ്യാപിച്ചിരുന്നു. കൂടാതെ ലോജിസ്റ്റിക്സ് മേഖലയ്ക്ക് വ്യവസായ പദവി നൽകുമെന്നും വ്യവസായ നയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്.<br><br>ഇതിന് ചുവടു പിടിച്ച് ഒരു ഉപനയമായി 'കേരള ലോജിസ്റ്റിക് പോളിസി 2025' സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതുപ്രകാരം, കുറഞ്ഞത് പത്തു ഏക്കർ ഭൂമിയിൽ ലോജിസ്റ്റിക്സ് പാർക്കുകളും, അഞ്ചു മുതൽ പത്തു വരെ ഏക്കർ ഭൂമിയിൽ മിനി ലോജിസ്റ്റിക്സ് പാർക്കുകളും നിർമ്മിക്കാൻ സർക്കാർ പ്രോത്സാഹനം നല്കുന്നതാണ്. പൂർണ്ണമായും സ്വകാര്യ മേഖലയിലോ, അല്ലെങ്കിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയോ ഇത്തരം പാർക്കുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ലോജിസ്റ്റിക് പാർക്കുകളുടെയും മിനി ലോജിസ്റ്റിക് പാർക്കുകളുടെയും യോഗ്യമായ ഘടകങ്ങൾക്ക് മൂലധന നിക്ഷേപ സബ്സിഡി നൽകുന്നതിനും നയം വ്യവസ്ഥ ചെയ്യുന്നു.<br><br>വിഴിഞ്ഞം തുറമുഖാധിഷ്ഠിത വ്യവസായവൽക്കരണത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ പദ്ധതിയുടെ ഭാഗമായ എട്ട് പ്രദേശങ്ങളിൽ ടൗൺഷിപ്പുകളുൾപ്പെടെയുള്ള വികസനം നിർദ്ദേശിച്ചുകൊണ്ടാണ് പ്രസ്തുത മാസ്റ്റർ പ്ലാൻ വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ, വിഴിഞ്ഞം തുറമുഖത്തിന്റെ 20 മുതൽ 30 കിലോമീറ്റർ പരിധിയിൽ വ്യവസായ പാർക്ക് തുടങ്ങുന്നതിലേക്കായി ഏകദേശം 340 ഏക്കറോളം ഭൂമി കിൻഫ്ര കണ്ടെത്തിയിട്ടുണ്ട്. |
| (സി) | വിഴിഞ്ഞം തുറമുഖം സൃഷ്ടിച്ചിട്ടുള്ള അവസരങ്ങൾ ലോജിസ്റ്റിക് മേഖലയിലുണ്ടാക്കുന്ന വളർച്ച കണക്കിലെടുത്ത് സർക്കാർ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | മേൽ (ബി) പിരിവിനുള്ള മറുപടി കണ്ടാലും |
| (ഡി) | 2023-ൽ പുറത്തിറക്കിയ വ്യവസായ നയത്തിനു പുറമെ പ്രഖ്യാപിച്ച ഉപമേഖലാ നയങ്ങളിലും ചട്ടക്കൂടിലും ലോജിസ്റ്റിക് പാർക്കുകളുടെ വികസനത്തിന് ഗതിവേഗം നൽകുന്ന എന്തൊക്കെ | (ഡി) | 2023-ലെ കേരള വ്യവസായ നയത്തിന്റെ ഭാഗമായി ഉപമേഖലാ നയമായി പ്രഖ്യാപിച്ച കേരള ലോജിസ്റ്റിക് പോളിസി 2025 മുഖേന, സംസ്ഥാനത്ത് ലോജിസ്റ്റിക് പാർക്കുകളും മിനി ലോജിസ്റ്റിക് പാർക്കുകളും സൃഷ്ടിക്കുന്നതിനും അവയുടെ വികസനത്തിന് |

പരിപാടികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ആവശ്യമായ അനുകൂല അന്തരീക്ഷം ഉറപ്പാക്കുന്നതിനുമായി സമഗ്രവും ദീർഘവീക്ഷണമുള്ളതുമായ നിരവധി പരിപാടികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത നയം ലോജിസ്റ്റിക് പാർക്കുകളുടെ രൂപീകരണവും പ്രവർത്തനവികസനവും, അവയിലേക്കുള്ള നിക്ഷേപ പ്രോത്സാഹനവും, അടിസ്ഥാന സൗകര്യ വികസനവും ഏകോപിപ്പിക്കുന്ന ഒരു വ്യക്തമായ ചട്ടക്കൂടാണ് നൽകുന്നത്. 2023-ലെ വ്യവസായ നയത്തിൽ ലോജിസ്റ്റിക്സിനെ ഒരു മുൻഗണനാ മേഖലയായി പ്രഖ്യാപിച്ച സാഹചര്യത്തിൽ, ആ നയദർശനം പ്രായോഗികതലത്തിലേക്ക് കാര്യക്ഷമമായി പരിവർത്തനം ചെയ്യുന്നതിനുള്ള ഉപകരണമായാണ് കേരള ലോജിസ്റ്റിക് പോളിസി 2025 വിഭാവനം ചെയ്തിട്ടുള്ളത്.

ഈ നയത്തിന്റെ ഭാഗമായി, സംസ്ഥാനത്ത് കുറഞ്ഞത് പത്ത് ഏക്കർ ഭൂമിയിൽ ലോജിസ്റ്റിക് പാർക്കുകളും അഞ്ച് മുതൽ പത്ത് ഏക്കർ വരെ ഭൂമിയിൽ മിനി ലോജിസ്റ്റിക് പാർക്കുകളും സ്ഥാപിക്കാൻ കഴിയുന്നതാണ്. ചരക്ക് സംഭരണം, വേർതിരിക്കൽ, വെയർഹൗസിങ്, മൾട്ടി-മോഡൽ ഗതാഗതം, മൂല്യവർധിത സേവനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഒരിടത്ത് ഏകോപിപ്പിക്കുന്ന സമഗ്ര ലോജിസ്റ്റിക് കേന്ദ്രങ്ങളായി ഇവയെ വികസിപ്പിക്കുന്നതാണ് നയത്തിന്റെ ലക്ഷ്യം. ഇതുവഴി വ്യവസായ യൂണിറ്റുകൾക്കും വ്യാപാര മേഖലയ്ക്കും കാര്യക്ഷമവും ചെലവുകുറഞ്ഞതുമായ ലോജിസ്റ്റിക് പിന്തുണ ഉറപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

ലോജിസ്റ്റിക് പാർക്കുകളുടെ വികസനത്തിന് ഗതിവേഗം നൽകുന്നതിന് സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതും നയം പ്രധാനമായി കാണുന്നു. പൂർണ്ണമായും സ്വകാര്യ മേഖലയിലോ, അല്ലെങ്കിൽ പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിലോ ലോജിസ്റ്റിക് പാർക്കുകളും മിനി ലോജിസ്റ്റിക് പാർക്കുകളും വികസിപ്പിക്കാവുന്നതാണ്. ഇവ സ്ഥാപിക്കുന്നതിന് യോഗ്യമായ സ്ഥിരമൂലധന നിക്ഷേപങ്ങൾക്ക് നിക്ഷേപ സബ്സിഡി നൽകുന്നതും, ഭൂമി വാങ്ങുന്നതോ, ദീർഘകാല ലീസ് എന്നിവയുമായി ബന്ധപ്പെട്ട സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ഫീസിലും ഇളവുകൾ നല്കുന്നതിനുള്ള തീരുമാനവും സർക്കാർ ഇതിനകം കൈകൊണ്ടിട്ടുണ്ട്. ഇതോടൊപ്പം, ലോജിസ്റ്റിക്സ് 2023-ലെ വ്യവസായ നയത്തിന് കീഴിലുള്ള മുൻഗണനാ മേഖലയായതിനാൽ, ആ നയത്തിന് കീഴിൽ

ലഭ്യമാകുന്ന മറ്റ് എല്ലാ ഇൻസെൻറീവുകളും ലോജിസ്റ്റിക് പാർക്കുകൾക്കും ബാധകമാക്കുന്നതാണ്.

നിയന്ത്രണപരമായ തടസ്സങ്ങൾ കുറച്ച് പദ്ധതികളുടെ സമയബന്ധിത നടപ്പാക്കൽ ഉറപ്പാക്കുന്നതിനായി, ഈ നയപ്രകാരം വികസിപ്പിക്കുന്ന ലോജിസ്റ്റിക് പാർക്കുകളും മിനി ലോജിസ്റ്റിക് പാർക്കുകളും വ്യവസായ മേഖലകളായി പ്രഖ്യാപിക്കുന്നതിനും, ഏകജാലക സംവിധാനത്തിലൂടെ അനുമതികൾ വേഗത്തിൽ ലഭ്യമാക്കുന്നതിനുമുള്ള വ്യവസ്ഥകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി അനുമതി നടപടികളിലെ കാലതാമസം ഒഴിവാക്കി വികസന പ്രവർത്തനങ്ങൾക്ക് ഗതിവേഗം നൽകാനാണ് ഉദ്ദേശിക്കുന്നത്.

ലോജിസ്റ്റിക് പാർക്കുകളുടെ പ്രവർത്തനക്ഷമതയും മത്സരക്ഷമതയും വർധിപ്പിക്കുന്നതിനായി യന്ത്രവൽക്കരണവും ഓട്ടോമേഷനും, ഡിജിറ്റൽ സാങ്കേതിക വിദ്യകളും പ്രോത്സാഹിപ്പിക്കുന്നതാണ് നയം. ആധുനിക വെയർഹൗസിങ് സംവിധാനങ്ങൾ, സ്മാർട്ട് ലോജിസ്റ്റിക് പ്രവർത്തനങ്ങൾ, ഊർജക്ഷമവും പരിസ്ഥിതി സൗഹൃദവുമായ സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തി ദീർഘകാലം നിലനിൽക്കുന്ന ലോജിസ്റ്റിക് അടിസ്ഥാന സൗകര്യങ്ങളാണ് നയം ലക്ഷ്യമിടുന്നത്.

ലോജിസ്റ്റിക് പാർക്കുകളുടെ പ്രവർത്തനത്തിന് ആവശ്യമായ മാനവ വിഭവശേഷി വികസിപ്പിക്കുന്നതിനായി പ്രത്യേക സ്കിൽ ഡെവലപ്മെന്റ് പദ്ധതികൾ നടപ്പാക്കുന്നതിനും, യന്ത്രവൽക്കരണവും ഓട്ടോമേഷനും കൂടുതൽ ഫലപ്രദമായി നടപ്പാക്കുന്നതിന് തൊഴിൽ നിയമങ്ങളുമായി ബന്ധപ്പെട്ട അനുയോജ്യമായ ഭേദഗതികൾ പരിഗണിക്കുന്നതിനുമുള്ള വ്യവസ്ഥകളും നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ലോജിസ്റ്റിക് മേഖലയിലെ പദ്ധതികളുടെ ആസൂത്രണവും ഏകോപനവും കാര്യക്ഷമമാക്കുന്നതിനായി, സംസ്ഥാനതലത്തിലും നഗരതലത്തിലും പ്രത്യേക സ്ഥാപന സംവിധാനങ്ങൾ രൂപപ്പെടുത്തുന്നതിനും നയം ലക്ഷ്യമിടുന്നുണ്ട്. ചീഫ് സെക്രട്ടറി നേതൃത്വം നൽകുന്ന ഒരു ലോജിസ്റ്റിക്സ് കോർഡിനേഷൻ കമ്മിറ്റി ഇതിനായി രൂപീകരിക്കുന്നതാണ്. ലോജിസ്റ്റിക്സ് മേഖലയിൽ ആവശ്യമായ നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളാനുള്ള അധികാരം ഈ കമ്മിറ്റിക്ക് മേൽ നിക്ഷിപ്തമായിരിക്കും. അതോടൊപ്പം, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ

| | | | |
|---|---|---|---|
| | | | നേതൃത്വത്തിൽ ഒരു സംസ്ഥാന ലോജിസ്റ്റിക്സ് സെല്ലും നയം വിഭാവനം ചെയ്യുന്നു. ഈ സംവിധാനമായിരിക്കും ലോജിസ്റ്റിക്സ് ആക്ഷൻ പ്ലാൻ നടപ്പിലാക്കുക. ഇതിന് പുറമെ നഗരതലത്തിൽ ലോജിസ്റ്റിക്സ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി സിറ്റി ലോജിസ്റ്റിക്സ് കോർഡിനേഷൻ കമ്മിറ്റികളും പ്രത്യേകമായി രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥകളും നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ വിവിധ സർക്കാർ വകുപ്പുകൾ തമ്മിലുള്ള ഏകോപനം ഉറപ്പാക്കുകയും, കേന്ദ്ര സർക്കാർ പദ്ധതികളുമായി സംയോജിതമായ ലോജിസ്റ്റിക് വികസനം സാധ്യമാക്കുകയും ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ, PM Gati Shakti പോലുള്ള ദേശീയ പദ്ധതികളുമായി ബന്ധിപ്പിച്ച് സംസ്ഥാനത്തെ ലോജിസ്റ്റിക് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള സംവിധാനങ്ങളും നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ സർക്കാർ തലത്തിൽ വിവിധ സംവിധാനങ്ങൾ ഒരുക്കുന്നതിലൂടെ ലോജിസ്റ്റിക് മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകി, അവയ്ക്ക് പരിഹാരം കാണാനും, അതുവഴി സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള അടിസ്ഥാന സൗകര്യ വികസനത്തിൽ മെച്ചമുണ്ടാക്കാനും സാധിക്കുമെന്നുമാണ് കരുതുന്നത്.<br><br>ഇത്തരത്തിൽ, കേരള ലോജിസ്റ്റിക് പോളിസി 2025 മുഖേന ലോജിസ്റ്റിക് പാർക്കുകളും മിനി ലോജിസ്റ്റിക് പാർക്കുകളും സൃഷ്ടിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നതിനായി നിക്ഷേപ പിന്തുണ, നിയന്ത്രണ ലളിതവൽക്കരണം, അടിസ്ഥാന സൗകര്യ വികസനം, സാങ്കേതിക നവീകരണം, മനുഷ്യവിഭവശേഷി വികസനം എന്നിവ ഏകോപിപ്പിച്ച സമഗ്രമായ പരിപാടികളാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്. ഇതുവഴി സംസ്ഥാനത്ത് കാര്യക്ഷമവും മത്സരക്ഷമവുമായ ഒരു ലോജിസ്റ്റിക് ഇക്കോസിസ്റ്റം രൂപപ്പെടുകയും, വ്യവസായ വളർച്ചയ്ക്കും തൊഴിൽ സൃഷ്ടിക്കും ശക്തമായ പിന്തുണ ലഭിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ